GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/06/2026

1. ഓണക്കാലത്ത് പൊതുജനങ്ങൾക്ക് വിഷരഹിതവും ഗുണമേന്മയുള്ളതുമായ പച്ചക്കറികൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, കേരള കാർഷിക സർവ്വകലാശാലയുടെ 'ഓണച്ചന്ത 2026' ലേക്ക് ആവശ്യമായ പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിനുള്ള **പ്രത്യേക മഴമറ (Rain Shelter) പദ്ധതിക്ക്** കണ്ണാറയിൽ തുടക്കമാകുന്നു. കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം ജൂൺ 10 ബുധനാഴ്ച രാവിലെ 10:30-ന് നടക്കും. വെള്ളാനിക്കര കാർഷിക കോളേജ് ഡീൻ ഡോ. സജിത റാണി ടി. ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത് മഴമറയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിക്കും. കേരള കാർഷിക സർവ്വകലാശാല വിജ്ഞാനവ്യാപന വിഭാഗം ഡയറക്ടർ ഡോ. ബിനു പി. ബോണി

ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും. കാലവർഷക്കെടുതികളിൽ നിന്നും പച്ചക്കറി വിളകളെ സംരക്ഷിച്ച്, കൃത്യമായ അളവിൽ ഗുണമേന്മയുള്ള വിളവ് ഉറപ്പാക്കാൻ ലക്ഷ്യമിട്ടാണ് ആധുനിക രീതിയിലുള്ള മഴമറകൾ കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ സജ്ജീകരിച്ചിരിക്കുന്നത്. ഓണച്ചന്ത ലക്ഷ്യമിട്ടുള്ള സുസ്ഥിര പച്ചക്കറി വിതരണത്തിന് ഈ പദ്ധതി വലിയ തോതിൽ സഹായകരമാകും. ചടങ്ങിൽ കാർഷിക സർവ്വകലാശാലയിലെ പ്രമുഖ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും പങ്കെടുക്കും. ഫോൺ : 0487 2699087.

2. സബ് സിഡി വളം വിതരണ സംവിധാനം കൂടുതൽ സുതാര്യവും, ചിട്ടയായതും, കർഷക കേന്ദ്രികൃതവും, ആവശ്യാനുസൃതമുള്ളതുമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാരിൻ്റെ ഡിപ്പാർട്ട്മെൻ്റ് ഓഫ് ഫെർട്ടിലൈസർസും ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രിക്കൾച്ചർ ആൻഡ് ഫാർമേഴ്സ് വെൽഫെയർസും സംയുക്തമായി **ഫ്രെയിംവർക് ഫോർ ഫെർട്ടിലൈസർ സെയിൽസ് (FFS)** എന്ന പേരിൽ പുതിയ ഒരു ഡിജിറ്റൽ സംവിധാനം വികസിപ്പിച് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു. പ്രത്യേക FFS ആപ്പിലൂടെ ലഭ്യമാകുന്ന QR കോഡ് /ടോക്കൺ മുഖേന കർഷകർക്ക് വളം വാങ്ങാവുന്നതാണ്. പയലറ്റ് അടിസ്ഥാനത്തിൽ കേരളത്തിൽ ആലപ്പുഴ, പാലക്കാട് എന്നീ

ജില്ലകളിൽ 15-06-2026 മുതൽ നടപ്പിലാക്കാൻ തീരുമാനിയിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി ആലപ്പുഴ, പാലക്കാട് ജില്ലകളിൽ എല്ലാ കർഷകരും വളം ചില്ലറ വില്പനക്കാരും അതാത് കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.

3. സി.പി.സി.ആർ.ഐ. കായംകുളത്തെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷിവിജ്ഞാന കേന്ദ്രത്തിൽ ജില്ലയിലെ പട്ടിക ജാതി യുവതി യുവാക്കൾക്കായി കാർഷിക - അനുബന്ധ മേഖലകളിലെ വിവിധ വിഷയങ്ങളിൽ നൈപുണ്യ വികസന പരിശീലനം സ്റ്റൈപ്പൻഡോടു കൂടി നൽകുന്നു. നാല് ഒഴിവുകളുണ്ട്. യോഗ്യത പ്ലസ്2 /വി എച്ച് എസ് ഇ. പ്രതിമാസ സ്റ്റൈപ്പന്റ് പതിനയ്യായിരം രൂപ. പ്രായപരിധി 25-35 വയസ്സ്, തുടക്കത്തിൽ ദൈർഘ്യം 3 മാസത്തേക്ക്. ഫണ്ടിന്റെ ലഭ്യതയും പരിശീലനാർത്ഥികളുടെ പ്രകടനവും അടിസ്ഥാനമാക്കി 6 മാസം വരെ നീട്ടാവുന്നതാണ്. യോഗ്യരായവർ 0479-2449268, 2959268, 9447790268 എന്നി നമ്പറുകളിൽ ജൂൺ 16 മുമ്പായി മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നവരിൽ നിന്നും നിർദിഷ്ട മാനദണ്ഡ പ്രകാരം ജൂൺ 18-ന്ന രാവിലെ 9.00 മണിക്കു ആലപ്പുഴ ജില്ലാ കൃഷിവിജ്ഞാന കേന്ദ്രത്തിൽ നടത്തുന്ന അഭിരുചി പരീക്ഷയുടെയും,

മുഖാമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്. മുൻ വർഷങ്ങളിൽ പട്ടിക ജാതി വിഭാഗക്കാർക്കായി നടത്തിയ പരിശീലനത്തിൽ പങ്കെടുത്തവർ പ്രസ്തുത പരിശീലനങ്ങൾക്കു അർഹരല്ല. കൂടുതൽ വിവരങ്ങൾക്ക് https://cpcri.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

4. ചെറ്റച്ചൽ ജേഴ്സി ഫാമിലെ 2026–2027 പദ്ധതിനിർവ്വഹണത്തിൽ ഇ–ടെണ്ടർ ഉൾപ്പെടുത്തി ഗ്രീൻ മിൽക്ക് പായ്ക്കിംങ്, ഗ്രീൻ മിൽക്ക് സെയിൽ എന്നിവയുടെ – ടെണ്ടർ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9495235020 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

5. കേരളകാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്കതലകൾവില്പനക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്കതലക്ക് 1 രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വില്പന സമയം 9:00 AM – 4:00 PM വരെയായിരിക്കും. സെയിൽസ് കൗണ്ടർ 9188248481 .

## പരിശീലന പരിപാടി

6. കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി സെന്റർ ഫോർ അഗ്രികൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫർ (CAITT) ജൂൺ 12ന് "പഴങ്ങളുടെ ശാസ്ത്രീയ സംസ്കരണം"

വിഷയത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രാവിലെ 9.30 മുതൽ വൈകിട്ട് 4 മണിവരെ CAITT ട്രെയിനിംഗ് ഹാളിൽ നടക്കുന്ന പരിശീലനത്തിൽ പഴങ്ങളിൽ നിന്ന് ജാം, ജെല്ലി, സ്ക്വാഷ് തുടങ്ങിയ മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ശാസ്ത്രീയ രീതികളും പ്രായോഗിക പരിശീലനവും നൽകും. പരിശീലന ഫീസ് 500 രൂപയാണ്. പങ്കെടുക്കാൻ താൽപര്യമുള്ളവർ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 4 മണിക്കകം നേരിട്ടോ ഫോൺ മുഖേനയോ രജിസ്റ്റർ ചെയ്യണം. പരിശീലനത്തിന് ശേഷം പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 8891540778 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

7. കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഈ ലേണിങ് 2026 ജൂലൈ 13 മുതൽ 17 വരെ നടത്തുന്ന **ജിയോഗ്രാഫിക് ഇൻഫോർമേഷൻ സിസ്റ്റം സോഫ്റ്റ്‌വെയർ** (GIS BASICS IN QGIS SOFTWARE) അഞ്ചുദിവസത്തെ ഓൺലൈൻ ട്രെയിനിങ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 2026 ജൂലൈ 10. കോഴ്സ് ഫീസ് 1000/- രൂപ. വിശദ വിവരങ്ങൾക്ക് www.celkau.in, ഫോൺ നമ്പർ -0487-2438567,9495943875, 9895776730.

## കാർഷിക നിർദ്ദേശം

1. നെല്ലിന്റെ വിരിപ്പ കൃഷിക്കായുള്ള ഞാറ് 4-5 ഇല പ്രായത്തിൽ പറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്ത് നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ തുടങ്ങിയവ ഉണ്ടാവുന്നതിനെ പ്രതിരോധിക്കാം. ഇതിന് ഒരു കി.ഗ്രാം വിത്തിന് 10 ഗ്രാം സ്യൂഡോമോണാസ് കൾച്ചർ എന്ന കണക്കിന് വെള്ളത്തിൽ കലക്കി ലായനി ഉണ്ടാക്കാം.
2. ഇടവപ്പാതി തുടങ്ങുന്നതോടെ ഉയർന്ന തവാരണകൾ ഉണ്ടാക്കി വിത്തുതേങ്ങകൾ പാകാം. വെള്ളം കെട്ടിനിൽക്കാതിരിക്കാൻ നീർവാർച്ച സൗകര്യം ഉറപ്പുവരുത്തണം. തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ 2 ഗ്രാം ഒരു പായ്ക്കറ്റിൽ, 3 എണ്ണം ഒരു തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക.